# 13. ഖേദം ഇപ്പോഴും ബാക്കി

ഞങ്ങളുടെ ജനാധിപത്യ സങ്കല്പത്തിന്റെ ഒരു പ്രമുഖഘടകമായിരുന്നു സോഷ്യലിസം. 1942-ൽ നിലവിലിരുന്ന കഠിനമായ ദാരിദ്ര്യം ഇന്ന് ഇന്ത്യയിലില്ല. ദാരിദ്ര്യനിർമാർജനരംഗത്തു നാം ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. എങ്കിലും 'സോഷ്യലിസം' എന്നതുകൊണ്ട് ഉദ്ദേശിച്ചിരുന്ന സാമ്പത്തികനീതിയോ അവസരസമത്വമോ ഇന്ത്യയിൽ ഇനിയും കൈവന്നിട്ടില്ല. മാത്രമല്ല, ഈ ലക്ഷ്യങ്ങളിൽനിന്നു നാം അകന്നുപോവുകയാണെന്ന് പലപ്പോഴും അനുഭവപ്പെടുന്നുമുണ്ട്. ഇതു് എന്നിൽ നൈരാശ്യം ഉളവാക്കാതിരിക്കുന്നില്ല.

ഭൗതികരംഗത്തിലുള്ള പുരോഗതിയോടൊപ്പം സാംസ്കാരികമെന്നോ ആധ്യാത്മികമെന്നോ വിളിക്കപ്പെടുന്ന രംഗത്തിലുള്ള പുരോഗതികൂടി ഞങ്ങളുടെ സ്വാതന്ത്ര്യസങ്കല്പത്തിൽ അടങ്ങിയിരുന്നു. ആധുനിക രാഷ്ട്രമെന്ന നിലയിൽ പുരോഗമിക്കുന്നതിനോടൊപ്പം വിജ്ഞാനം, സാഹിത്യം, തത്ത്വചിന്ത, കലകൾ മുതലായ രംഗങ്ങളിൽ ഒരുകാലത്തു് ഇന്ത്യയ്ക്കുണ്ടായിരുന്ന മഹിമ വീണ്ടെടുക്കപ്പെടണമെന്നു ഞങ്ങളുടെ ആഗ്രഹമായിരുന്നു. വിജ്ഞാനത്തിന്റെ രംഗത്തു് ഇന്ത്യ പുരോഗതി നേടിവരുന്നുണ്ട്; പക്ഷേ, ഈ പുരോഗതി തൃപ്തികരമാണെന്നു ഞാൻ കരുതുന്നില്ല. സാഹിത്യം, തത്ത്വചിന്ത, ചിത്രകല മുതലായ രംഗങ്ങളിലാവട്ടെ പ്രാചീന മഹിമ പോയിട്ട് സ്വാതന്ത്ര്യസമരക്കാലത്തു നാം നേടിയിരുന്ന ഗുണമേന്മതന്നെ നമുക്കു നഷ്ടപ്പെട്ടു വരുന്നതായാണ് എന്റെ തോന്നൽ. ഉപനിഷത്തുകളിലേയും ഭാഷ്യങ്ങളിലേയും തത്ത്വചിന്തയോടും അജന്തയിലെ ചിത്രങ്ങളോടും പല്ലവ–ചോള പ്രതിമകളോടും കാളിദാസന്റേയും ടാഗോറിന്റേയും സാഹിത്യരചനകളോടും ത്യാഗരാജന്റെ സംഗീതത്തോടും സമസ്കന്ധത പുലർത്തുന്ന ഉപലബ്ധികൾ ഈ രംഗങ്ങളിൽ സ്വതന്ത്രഭാരതം നേടിയിട്ടുണ്ടെന്നു ഞാൻ കരുതുന്നില്ല.

എന്റെ സ്വാതന്ത്ര്യ സങ്കല്പത്തിൽ ഭാരതീയ ഭാഷകളുടെ ഭാഷകളുടെ സ്വാതന്ത്ര്യമെന്ന സങ്കല്പംകൂടി ഉൾപ്പെട്ടിരുന്നു. പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ, ഏറെക്കുറെ അന്നത്തെ അടിമത്തംതന്നെയാണ് ഇന്നും ഭാരതീയഭാഷകൾക്കുള്ളതു്. എനിക്ക് ഏറ്റവും ഹൃദയവേദന ഉളവാക്കുന്ന ഒന്നാണ് നമ്മുടെ ഭാഷകളുടെ ഈ അടിമത്തം.

1942–ൽ അത്രയൊന്നും ചിന്തിക്കപ്പെടാതിരുന്ന പല ദുർഘട പ്രശ്നങ്ങളും പിന്നീടുള്ള കാലഘട്ടത്തിൽ വളർന്നു നമ്മെ ഭീഷണിപ്പെടുത്തുന്നുണ്ട്. നമ്മുടെ ജനസംഖ്യ 1942–ൽനിന്ന് രണ്ടര ഇരട്ടിയോളം വർധിച്ചിരിക്കുന്നു. വനങ്ങൾ ഏറെക്കുറെ നശിച്ചിരിക്കുന്നു. ശുദ്ധജലംപോലെയുള്ള വിഭവങ്ങൾകൂടി ദുർലഭങ്ങളായിരിക്കുന്നു. വ്യാപകമായ മലിനീകരണത്തിനു നമ്മുടെ പരിസ്ഥിതി വിധേയമായിക്കഴിഞ്ഞിരിക്കുന്നു. മദ്യവും മയക്കുമരുന്നുംപോലെയുള്ള ദുശ്ശീലങ്ങൾ യുവജനങ്ങളിൽ വേരുറച്ചു വളരുന്നു. നിരക്ഷരതയും രോഗങ്ങളും പെരുകുന്നു. നഗരങ്ങളെ വളഞ്ഞു ചേരികൾ തഴച്ചുമുറ്റുന്നു.

ഇത്തരം കാര്യങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ നേടിക്കഴിഞ്ഞ സ്വാതന്ത്ര്യം വേണ്ടവിധത്തിൽ ഉപയോഗിക്കാൻ നമുക്കു സാധിക്കാത്തതിലുള്ള ഖേദം അത്യന്തം വേദനയുളവാക്കുന്ന ഒരു മരവിപ്പുപോലെ എന്റെ ഹൃദയത്തിൽ നിറയുന്നു.

15, ആഗസ്റ്റ് 1989